# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യ നമ്പർ 32 | 24-01-2018 - ൽ മറുപടിയ്ക്ക് |
|---|---|

**ചരക്കു സേവന നികുതിയുടെ പ്രത്യാഘാതങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.ടി.എ റഹീം<br>ശ്രീ. ഇ.പി ജയരാജൻ<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. വി. ജോയി | | ഡോ. ടി.എം തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | സ്വദേശ-വിദേശ കുത്തക കമ്പനികളുടെ മാത്രം താൽപ്പര്യ സംരക്ഷണത്തിന് ഉപകരിക്കുന്ന ചരക്ക് സേവന നികുതി, വികസനക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള സാമ്പത്തിക സ്വാതന്ത്ര്യം ദുർബലപ്പെടുത്തിയത് സംസ്ഥാനത്തെ എങ്ങനെ ബാധിക്കാനിടയുണ്ടെന്ന് വിശകലനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ജി.എസ്.ടി സംസ്ഥാന സർക്കാരുകളുടെ വാറ്റ് നികുതി ചുമത്താനുള്ള അവകാശത്തെ ഇല്ലാതാക്കിയതിന്റെ ഫലമായി ധനപരമായ സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങ് ഇട്ടിട്ടുണ്ട്. വാറ്റ് നിരക്ക് പ്രായോഗികമായി ചെറിയ നിരക്ക് വ്യത്യാസങ്ങൾ വരുത്തുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. നികുതിയിൽ നിന്നും ഇളവുകൾ നൽകുന്നതിനും അവകാശമുണ്ടായിരുന്നു. എന്നാൽ ജി.എസ്.ടി അഖിലേന്ത്യാടിസ്ഥാനത്തിൽ തീരുമാനിക്കപ്പെടുന്ന നികുതി ആയതുകൊണ്ട് നിരക്കുകളിലോ ക്ലാസിഫിക്കേഷനുകളിലോ മാറ്റം വരുത്താനുള്ള സ്വാതന്ത്ര്യം സംസ്ഥാന സർക്കാരുകൾക്കില്ല. ഇളവുകളും നൽകാനാവില്ല. എന്നാൽ ഭരണഘടന ഭേദഗതിയുടെ പശ്ചാത്തലത്തിൽ കേരളത്തിന് പുതിയ നികുതി സമ്പ്രദായത്തിൽ നിന്നും വിട്ടു നിൽക്കാനാവില്ല. ജി.എസ്.ടി കൗൺസിലിൽ ഇടപെട്ടുകൊണ്ട് സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും താൽപ്പര്യം പരമാവധി സംരക്ഷിക്കുന്ന തീരുമാനങ്ങൾ എടുപ്പിക്കുന്നതിനാണ് കേരളം പരിശ്രമിക്കുന്നത്.<br><br>ജി.എസ്.ടിയിൽ ലയിപ്പിച്ച എക്സൈസ്, സി.എസ്.ടി, വാറ്റ്, സർവ്വീസ് ടാക്സ് എന്നിവയെല്ലാം എടുത്താൽ ജി.എസ്.ടിയ്ക്ക് മുമ്പ് ശരാശരി ചരക്കിനുമേൽ ഉണ്ടായ നികുതി ഭാരത്തിന്റെ മൂന്നിലൊന്നെങ്കിലും കുറഞ്ഞിട്ടുണ്ട്. പക്ഷെ ഇതിന്റെ നേട്ടം കോർപ്പറേറ്റുകൾക്കും വൻകിട വ്യാപാരികൾക്കുമേ ലഭിച്ചുള്ളൂ. നികുതി കുറഞ്ഞിട്ടും വിലകൾ ഉയർന്നു. ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ജി.എസ്.ടി ഭാവിയിൽ കേരള സംസ്ഥാനത്തിനു ഗുണകരമാകുമെന്നാണ് കരുതുന്നത്. |

| | | | |
|---|---|---|---|
| (ബി) | നികുതി വരുമാനത്തിൽ കനത്ത ഇടിവുണ്ടാകുമ്പോൾ തന്നെ ഉപഭോക്തൃ സാധനങ്ങളുടെയും സേവനങ്ങളുടെയും വിലയിലുണ്ടായിട്ടുള്ള വലിയ വർദ്ധനവ് വഴി പൊതുജനങ്ങൾക്ക് ദുരിതം വിതച്ച ഈ നികുതി സമ്പ്രദായത്തിന്റെ ദോഷവശങ്ങൾ പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം ജി.എസ്.ടി.യുടെ തുടക്കത്തിൽ ലഭ്യമായിട്ടില്ലെങ്കിലും 2015-16 ധനകാര്യ വർഷം അടിസ്ഥാനമാക്കി 14 ശതമാനം വാർഷിക വർദ്ധനവ് നിരക്കിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് സംഭവിക്കുന്ന നികുതി വരുമാനക്കുറവിനുള്ള നഷ്ടപരിഹാരം കേന്ദ്രം നൽകുന്നുണ്ട്. നികുതി ഭരണത്തിന്റെ അടിസ്ഥാനശിലയായ ജി.എസ്.ടി സോഫ്ട് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതിന് മുമ്പ് ജി.എസ്.ടി നടപ്പിലാക്കിയതാണ് സംസ്ഥാനം പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് ഉണ്ടാകാതിരിക്കാനുള്ള പ്രധാന കാരണം. നികുതിയ്ക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിനു കൈമാറണമെന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉൽപാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിനു നൽകിയിട്ടില്ലായെന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ദോഷവശങ്ങൾക്കുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. ജി.എസ്.ടി ചർച്ചകളിലുടനീളം കേരളം ഈ പ്രശ്നം തുടർച്ചയായി ഉന്നയിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ 25-ാമത് ജി.എസ്.ടി കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കേരളം ഇതിനകം തന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത ഉൽപാദകരുടെയും വിൽപ്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. താമസംവിനാ തുടർനടപടികൾ ഉണ്ടാകുമെന്നും ഉപഭോക്താക്കൾക്ക് ജി.എസ്.ടി നിയമത്തിന്റെ പൂർണ്ണ ആനുകൂല്യം ലഭ്യമാകുമെന്നും പ്രതീക്ഷിക്കാം. |

| | | | |
|---|---|---|---|
| (സി) | ചരക്ക് സേവന നികുതി സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലും വ്യാപാര മേഖലയിലും ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | ജി.എസ്.ടി നടപ്പിലാക്കുന്നതിനു മുമ്പ് ഒന്നര ക്കോടി രൂപ വരെ വിറ്റുവരവുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളെ എക്സൈസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ ജി.എസ്.ടി.യിൽ 20 ലക്ഷത്തിനു മുകളിൽ വിറ്റുവരവുള്ള എല്ലാവർക്കും ചരക്കു സേവന നികുതി ബാധകമാണ്. വൻകിടക്കാരുമായുള്ള മത്സരത്തിൽ ചെറുകിട വ്യവസായികളെ ഇത് ദോഷകരമായി ബാധിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി ചെറുകിട വ്യവസായികൾക്കും വ്യാപാരികൾക്കും കുറഞ്ഞ നിരക്കിൽ കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നതിനുള്ള പരിധി രണ്ടു കോടിയായി ഉയർത്തണമെന്ന് കേരളവും ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ജി.എസ്.ടി കൗൺസിലിൽ അംഗീകരിച്ചിട്ടുണ്ട്. നികുതി ത്രെഷ്ഹോൾഡ് 1 കോടി രൂപയായി ഉയർത്തുകയും ചെയ്തു. 2 കോടി രൂപയായി ഉയർത്തുന്നതിനുള്ള നിയമഭേദഗതി അടുത്ത കേന്ദ്ര ഫിനാൻസ് ആക്ടിന്റെ ഭാഗമായി അവതരിപ്പിക്കുമെന്ന് കരുതുന്നു. ഇത് കേരളത്തിലെ ചെറുകിട വ്യാപാരികൾക്ക് വലിയ അനുഗ്രഹമാണ്. നേരത്തെ 50 ലക്ഷം രൂപയേക്കാൾ വിറ്റുവരവുള്ളവരെല്ലാം പൂർണ്ണ നികുതി നൽകേണ്ടിയിരുന്നു. ഇപ്പോൾ അത് 1 കോടി രൂപയായി ഉയർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ